കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനം

262 (1234) ശ്രീ. എം. ഹംസ :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കാർഷികമേഖലയിൽ സാങ്കേതികവിദ്യയുടെ വ്യാപനത്തിനായി കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(സി) നെല്ലുല്പാദനകേന്ദ്രങ്ങളിൽ കൊയ്ത്ത്-മെതിയന്ത്രങ്ങൾ വാടകയ്ക്ക് നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതി വിജയകരമാണോയെന്ന് വ്യക്തമാക്കുമോ ;

(ഡി) കോർപ്പറേഷന്റെ വർക്ക്ഷോപ്പുകൾ നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ഇ) കോർപ്പറേഷന്റെ പുനരുദ്ധാരണത്തിനായി 'റിയാബ്' നൽകിയ റിപ്പോർട്ട് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രവർത്തന വൈവിദ്ധ്യ വൽക്കരണത്തിനുമായി പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തുടക്കമെന്ന നിലയിൽ നെല്ലുൽപ്പാദന മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി ട്രാക്ടർ, പവർടില്ലർ, കമ്പയിൻ ഹാർവസ്റ്റർ, റീപ്പർ, റൈസ് ട്രാൻസ് പ്ലാന്റർ എന്നിവ മിതമായ നിരക്കിൽ കൃഷിക്കാർക്ക് വാടകയ്ക്ക് നൽകുന്നതിലേക്കായി കസ്റ്റംഹയറിംഗ് സെന്ററുകൾ ആരംഭിച്ചു. കാർഷികോൽപ്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചു. പുനലൂരിലെ അടഞ്ഞ് കിടന്ന ആഗ്രോ ഫ്രൂട്ട് പ്രോഡക്ട്സ് തുറന്ന് പ്രവർത്തനം ആരംഭിച്ചു. വയനാട്ടിൽ കുരുമുളകിൽ നിന്നും വെള്ളക്കുരുമുളക് ഉല്പാദിപ്പിക്കുന്നതിന് ഒരു യൂണിറ്റ് സ്ഥാപിച്ചു. നാളികേരത്തിൽ നിന്നും ചിപ്സ് ഉണ്ടാക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചു. കർഷകർക്ക് ആധുനിക കാർഷിക യന്ത്രങ്ങളിലുള്ള പരിജ്ഞാനം നൽകുന്നതിലേക്കും അവ ലഭ്യമാക്കുന്നതിലേക്കുമായി അഗ്രോ ടെക്നോളജി സെന്ററുകൾ ആരംഭിച്ചു.

കർഷകർക്ക് ആവശ്യമായതെല്ലാം ഒരു കുടക്കീഴിൽ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിലേക്കായി 3500 ചതു. അടി വീസ്തീർണ്ണത്തിൽ ആധുനിക ഷോറും-അഗ്രോ സൂപ്പർ ബസാർ ആരംഭിച്ചു. ഇന്ത്യയിൽ തന്നെ ഇത്തരത്തിലുള്ള ആദ്യസംരംഭമാണ് ഇത്. ആധുനിക കാർഷിക യന്ത്രങ്ങൾ റിപ്പയർ ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

തരത്തിൽ കോർപ്പറേഷന്റെ വർക്ക്ഷോപ്പുകൾ നവീകരിച്ചു. കാർഷികാവശ്യത്തിനുള്ള ട്രക്ടർ, വിന്നോവർ, കൊപ്ര ഡ്രയർ, മോയിസ്റ്റർ മീറ്റർ, ട്രയിലർ, ഹാന്റ് കാർട്ട്, വീൽ ബാരോകൾ എന്നിവ കോർപ്പറേഷന്റെ വിവിധ ജില്ലാ ഓഫീസുകളിൽ നിർമ്മിച്ച് വിതരണം ചെയ്യുന്നു. കൂടാതെ കമ്പനിയിൽ ഹാർവസ്റ്റർ, ട്രാക്ടർ, പവർ ടില്ലർ, റീപ്പർ, ട്രാൻസ്പ്ലാന്റർ, വിവിധ കമ്പനികളുടെ പമ്പ് സെറ്റുകൾ, മറ്റു കാർഷികോപകരണങ്ങൾ എന്നിവയും വിതരണം നടത്തുന്നു. കോർപ്പറേഷന്റെ യൂണിറ്റായ കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സിൽ നിന്നും വിവിധതരം പഴച്ചാറുകൾ, അച്ചാറുകൾ, ജാമുകൾ, നാളികേര ചിപ്സ് എന്നിവ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നു.

(ബി) സാങ്കേതികവിദ്യാ വ്യാപനത്തിനായി അഗ്രോടെക്നോളജി സെന്ററുകൾ തിരുവനന്തപുരത്തും തിരുവല്ലയിലും ആരംഭിച്ചു. ഈ സെന്ററുകളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന കാർഷിക യന്ത്രങ്ങളേയും മറ്റ് ഉപകരണങ്ങളേയും പറ്റി പഠിക്കുന്നതിനും അവ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനും ഉള്ള സംവിധാനങ്ങളുണ്ട്. കൂടാതെ യന്ത്രങ്ങളുടെ പ്രവർത്തന പരിശീലനത്തിനായി തൃശ്ശൂരിൽ ഒരു ട്രെയിനിംഗ് സെന്ററും പ്രവർത്തിച്ച് വരുന്നു. പഞ്ചായത്തുകൾക്കും കൃഷിഭവനുകൾക്കും ആവശ്യമനുസരിച്ച് കർഷകർക്കും, കർഷക തൊഴിലാളികൾക്കും യന്ത്രങ്ങളുടെ പ്രവർത്തനങ്ങളിൽ പരിശീലന പരിപാടി നടത്തുന്നുണ്ട്. പുതുതായി തിരുവനന്തപുരത്ത് ആരംഭിച്ച അഗ്രോ സൂപ്പർ ബസാറിൽ എല്ലാ കാർഷികയന്ത്രങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ട്. ഇവയുടെ വീഡിയോ ആവിഷ്കാരങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ബസാറുകളിൽ പുതിയ യന്ത്രങ്ങൾ പ്രവർത്തിപ്പിച്ച് കാണിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അഗ്രോ ബസാർ മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കൊട്ടാരക്കരയിൽ ഒരു അഗ്രോ ബസാർ 11-2-2011-ന് പ്രവർത്തനമാരംഭിച്ചു.

(സി) നെല്ലുൽപ്പാദന മേഖലയായ കുട്ടനാട് പാടശേഖരങ്ങളിൽ ഉപയോഗ പ്രദമാകത്തക്ക രീതിയിൽ തിരുവല്ല, വൈക്കം യൂണിറ്റുകളിലും തൃശ്ശൂർ കോൾ പാടശേഖരങ്ങൾക്കായി അരിമ്പൂർ യൂണിറ്റിലും പാലക്കാട് പാടശേഖരങ്ങൾക്കായി കൽമണ്ഡപം യൂണിറ്റിലും ഹയറിംഗ് സെന്ററുകൾ ആരംഭിച്ചു. ഇവിടെ നിന്നും കർഷകർക്ക് മിതമായ നിരക്കിൽ കൊയ്ത്ത് മെതിയന്ത്രങ്ങൾ നൽകി വരുന്നു. കൂടാതെ അടിയന്തരഘട്ടങ്ങളിൽ പ്രവർത്തനച്ചെലവ് മാത്രം ഈടാക്കി കർഷകർക്ക് യന്ത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിമൂലം അന്യസംസ്ഥാനങ്ങളിൽ നിന്ന് സ്വകാര്യ ഏജൻസികൾ മുഖേന വരുന്ന യന്ത്രങ്ങൾക്ക് ഈടാക്കിയിരിക്കുന്ന അമിതമായ വാടക നിരക്ക് താഴേക്കു കൊണ്ടുവരുവാനും സാധിച്ചു. കൊയ്ത്ത് സമയത്ത് ആവശ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുന്നുണ്ട്.

(ഡി) RKVY പദ്ധതിയിൽ ഉൾപ്പെടുത്തി കോർപ്പറേഷന്റെ തിരുവനന്തപുരം, കൊട്ടാരക്കര, തിരുവല്ല, അത്താണി യൂണിറ്റുകളിലെ വർക്ക്ഷോപ്പുകൾ നവീകരിച്ചു. മറ്റ് ജില്ലകളിലെ വർക്ക്ഷോപ്പുകൾ നവീകരിക്കുന്ന പദ്ധതി തുടർന്ന് വരുന്നു.

(ഇ) RIAB നൽകിയ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly